പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ: 3482 — 14.10.2011-ൽ മറുപടിക്ക്

## പൊതുമേഖലാ സ്ഥാപനങ്ങളിൽ ഉദ്യോഗാർത്ഥികളുടെ നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ) | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൊതുമേഖലയിൽ പുതുതായി എത്ര വ്യവസായ സ്ഥാപനങ്ങൾ തുടങ്ങിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ യൂണിറ്റുകളായി പുതിയതായി 10 യൂണിറ്റുകളാണ് ആരംഭിച്ചത്. |

| *Green Field Projects* | | |
|---|---|---|
| Sl. No. | Company | Projects |
| 1 | Kerala State Textile Corporation Ltd | Komalapuram Spinning and Weaving Mills, Alappuzha – KSTC |
| 2 | Kerala State Textile Corporation Ltd | Hi Tech Weaving Factory, Kannur – KSTC |
| 3 | Kerala State Textile Corporation Ltd | Hi tech Spinning Mill, Uduma, Kasargode - KSTC |
| 4 | United Electrical Industries Ltd | LCD Meter Unit, Palakkad – UEI |
| 5 | Kerala Small Industries Development Corporation Ltd | Tool room cum Training Centre, Kozhikode - Kerala SIDCO. |
| 6 | Kerala State Electronics Development Corporation Ltd | Tool room cum Training Centre, Kuttippuram - KSEDC |
| 7 | Traco Cable Company Ltd | House Wiring cable Unit, Kannur - TRACO |
| 8 | Steel and Industrial Forgings ltd | Machining Unit, Shornur – SIFL |

| | | |
|---|---|---|
| 9 | Kerala State Bamboo Corporation Ltd | Hi-Tech Bamboo Tile Factory, Kozhikode - KSBC |
| 10 | Kerala State Industrial Enterprises Ltd | Container Freight Station, Ernakulam - KSIE |

മേൽപ്പറഞ്ഞവയിൽ വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തനം ആരംഭിച്ചവ Machining unit, Shornur of SIFL, Hi-Tech Bamboo Tile Factory, Kozhikode-KSBC എന്നീ യൂണിറ്റുകളാണ്.

മറ്റുള്ള പദ്ധതികളിൽ എല്ലാംതന്നെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും മെഷിനറികളെല്ലാം സ്ഥാപിച്ച് സജ്ജമാക്കി വരികയുമാണ്. വ്യവസായികാടിസ്ഥാനത്തിൽ ഉടൻതന്നെ ഉല്പാദനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇത് സംബന്ധിച്ച് 16.9.2011 തീയതി വ്യവസായ വകുപ്പ് മന്ത്രിയുടെയും ഉന്നത ഉദ്യോഗസ്ഥരുടെയും സാന്നിദ്ധ്യത്തിൽ ഒരു മീറ്റിംഗ് നടത്തുകയുണ്ടായി. ഈ പദ്ധതികൾ വ്യവസായികാടിസ്ഥാനത്തിൽ ഉൽപാദനം ആരംഭിക്കുന്നതിനായി സ്വീകരിക്കേണ്ട നിർദ്ദേശങ്ങൾ അതാത് സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.

(ബി) ഈ സ്ഥാപനങ്ങളിലേയ്ക്ക് ജീവനക്കാരെ തിരഞ്ഞെടുക്കുന്നതിന് കേരള സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിൽ, എറണാകുളം എന്ന സ്ഥാപനത്തിൻെറ ചുമതലയിൽ മത്സര പരീക്ഷ നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ പരീക്ഷ നടത്തിയതിൻെറ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിൻെറ പകർപ്പുകൾ ലഭ്യമാക്കാമോ;

(ഡി) മേൽ സ്ഥാപനങ്ങളുടെ പ്രവർത്തനം ആരംഭിക്കുന്നതിൻെറ ഭാഗമായി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളെയാണോ പരിഗണിക്കുന്നതെന്ന് അറിയിക്കാമോ;

(ഇ) അല്ലെങ്കിൽ ആയതിനുള്ള കാരണമെന്താണെന്ന് വിശദമാക്കാമോ?

<u>(ബി), (സി), (ഡി) & (ഇ)</u>

മേൽപ്പറഞ്ഞ യൂണിറ്റുകൾക്കായി ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുന്നതിന് വേണ്ടി **Kerala State Productivity Council (KSPC), KITCO, National Institute of Personnel Management (NIPM)** എന്നീ പ്രൊഫഷണൽ ഏജൻസികളെയാണ് ചുമതലപ്പെടുത്തിയത്. (Excluding Expansion of Alleppey Co-operative Spinning Mills and Bamboo Tile Factory of Kerala State Bamboo Corporation Limited) ലഭിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ എഴുത്ത് പരീക്ഷയും, ഇൻറർവ്യൂ മുതലായ നടപടിക്രമങ്ങൾ മേൽപറഞ്ഞ ഏജൻസികൾ പൂർത്തികരിച്ചിട്ടുണ്ട്. Kerala State Textile Corporation- ൻെറ യൂണിറ്റുകളിലും, സിഡ്കോയുടെ ടൂൾ റൂമിലും പുതിയതായി നടന്ന നിയമന നടപടികളുടെ ഭാഗമായി കുറച്ചു ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ